കേരള സർക്കാർ

നം.68058/ജെ2/11/പൊ.വി.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി: 30/01/2012.

# സർക്കുലർ

**വിഷയം:-**പൊതുവിദ്യാഭ്യാസം-അദ്ധ്യാപകപാക്കേജ്-നിയമനം അംഗീകരിക്കുന്നത് -സംബന്ധിച്ച്.

**സൂചന:-**(1) സ.ഉ.(പി) നം. 165/08/പൊ.വി. തീയതി, 19/09/08
(2) സ.ഉ.(പി) നം 160/09/പൊ.വി തീയതി, 04/08/09
(3) സ.ഉ.(പി) നം. 199/11/പൊ.വി. തീയതി, 01/10/11

സൂചന മൂന്നിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കിയിരുന്നു. ഇതിൽ പ്രകാരം വിവിധ കാരണങ്ങളാൽ അംഗീകാരമില്ലാതെ ജോലി നോക്കിയിരുന്ന അദ്ധ്യാപകരെ വ്യവസ്ഥകൾക്ക് വിധേയമായി 1/6/11 മുതൽ നിയമനാംഗീകാരം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 1/6/11 മുതൽ നിയമനാംഗീകാരം ലഭിക്കേണ്ടുന്ന പല അദ്ധ്യാപകരും വർഷങ്ങൾക്ക് മുമ്പ് പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടവരായിരുന്നു. അന്ന് നിലനിന്നിരുന്ന വിദ്യാഭ്യാസ യോഗ്യതകൾക്കനുസരിച്ചായിരുന്നു നിയമിക്കപ്പെട്ടിരുന്നെങ്കിലും പിന്നീട് ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്തപ്പോൾ നിയമനയോഗ്യത അംഗീകരിക്കപ്പെടാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിനാൽ സൂചന മൂന്ന് അനുസരിച്ച് സർക്കാർ അംഗീകരിച്ച പാക്കേജ് പ്രകാരം നിയമനാംഗീകാരത്തിന് 1/6/11 മുതൽ അർഹതയുള്ള അദ്ധ്യാപകരുടെ യോഗ്യതയുടെ കാര്യത്തിൽ പ്രസ്തുത തസ്തികയിൽ നിയമിച്ച സമയത്തുള്ള നിയമന യോഗ്യത കണക്കാക്കി അംഗീകാരം നൽകേണ്ടതാണന്ന് ഇതിനാൽ സ്പഷ്ടീകരണം നൽകുന്നു.

ആർ. മധുസൂദനൻ നായർ
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ